# വ്യവസായ കേരളം

28

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 NOVEMBER 2022


## കരട് വ്യവസായ വാണിജ്യ നയം 2022 - 2027;
## ബഹു. വ്യവസായ മന്ത്രി അഭിപ്രായ സമാഹരണത്തിനായി
# സംരംഭകരുമായി കൂടിക്കാഴ്ച നടത്തി







സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുതിയ കരട് വ്യവസായ നയത്തെക്കുറിച്ച് അഭിപ്രായം സമാഹരിക്കാനായി കെ.എസ്.ഐ.ഡി സി കൊച്ചിയിൽ സംഘടിപ്പിച്ച ആശയ വിനിമയ പരിപാടിയിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്; ബഹു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്; ബഹു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്; ബഹു. വ്യവസായ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് എന്നിവർ പങ്കെടുത്തു. 2022 ഒക്ടോബർ 25 ന് സംഘടിപ്പിച്ച യോഗത്തിൽ വിധ സംഘടകൾ, പ്രമുഖ സംരംഭകർ എന്നിവർ പങ്കെടുത്തു.




## മലബാർ ക്രാഫ്റ്റ്സ് മേള ഇനി
# കേരള ക്രാഫ്റ്റ്സ് മേള

ചരിത്രമുറങ്ങുന്ന കോഴിക്കോടിന്റെ മണ്ണിൽ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച എട്ടാമത് മലബാർ ക്രാഫ്റ്റ്സ് മേളക്ക് ആവേശോജ്വല സമാപനം. കോഴിക്കോട് സ്വപ്ന നഗരിയിൽ 2022 ഒക്ടോബർ 2 ന് ആരംഭിച്ച മേളക്ക് 16 ന് തിരശീല വീണപ്പോൾ കരവിരുതിന്റെ വിസ്മയ ദിനങ്ങൾക്കാണ് കോഴിക്കോട് സാക്ഷിയായത്. സ്വപ്ന സമാനമായിരുന്നു ആദ്യമായി കോഴിക്കോടിന്റെ മണ്ണിൽ വിരുന്നെത്തിയ മലബാർ ക്രാഫ്റ്റ് മേള. അതിനുള്ള തെളിവായിരുന്നു ഓരോ ദിവസവും ആവേശത്തോടെ കടന്നു വന്ന വൻ ജനാവലി. 15 ദിവസം നീണ്ടു നിന്ന മേളയിൽ 2 ലക്ഷത്തിലധികം ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു എന്നത് കോഴിക്കോടിന്റെ മണ്ണിനും മലബാർ ക്രാഫ്റ്റ് മേള സംഘാടകർക്കും അഭിമാനത്തിളക്കമാണ് സമ്മാനിക്കുന്നത്.

പരമ്പരാഗത രീതിയിൽ നിർമ്മിച്ച 153 കുടിലുകളിലായിരുന്നു എട്ടാമത് മലബാർ ക്രാഫ്റ്റ്സ് മേള പ്രദർശനം സംഘടിപ്പിച്ചത്. ഇതിൽ കേരളം ഉൾപ്പെടെ 26 സംസ്ഥാനങ്ങളിൽ നിന്നും പുതുച്ചേരി, ന്യൂ ഡൽഹി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 300 ൽപ്പരം കരകൗശല വിദഗ്ധരാണ് പങ്കെടുത്തത്. കൂടാതെ കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് തിരഞ്ഞെടുത്ത 10 കേരള കൈത്തറി സൊസൈറ്റികൾക്ക് തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരവും മേളയിൽ ഒരുക്കിയിരുന്നു. ഇവയോടൊപ്പം കേരള വന ഗവേഷണ കേന്ദ്രം, സർഗ്ഗാലയ, കേരള സംസ്ഥാന ബാംബൂ മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെയും ഉത്പന്ന പ്രദർശന സ്റ്റാളുകൾ മേളയുടെ ഭാഗമായി.

മേളയോടനുബന്ധിച്ച് എല്ലാ ദിവസവും വിവിധങ്ങളായ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചിരുന്നു. നാടൻ പാട്ടുകൾ, ചലച്ചിത്ര ഗാനരംഗങ്ങൾ കോർത്തിണക്കിയ സംഗീത പരിപാടി, നൃത്ത സന്ധ്യ, സൂഫി സംഗീതം, തുടി മുഴക്കം, പടയണി, തോൽപാവക്കൂത്ത്, തിറയാട്ട സന്ധ്യ, ഗസ്സൽ സന്ധ്യ, ബാംബൂ മ്യൂസിക് ബാൻഡ് തുടങ്ങിയ കലാപരിപാടികൾ മേളയുടെ സായാഹ്നങ്ങളെ കൂടുതൽ ആകർഷണീയമാക്കി തീർത്തു.

മലബാർ ക്രാഫ്റ്റ് മേള അടുത്ത വർഷം മുതൽ കേരള ക്രാഫ്റ്റ് മേളയാക്കി നടത്തുമെന്നു ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് പറഞ്ഞു. ഒക്ടോബർ 16ന് മലബാർ ക്രാഫ്റ്റ് മേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നേരത്തെ സംസ്ഥാന സർക്കാർ മലബാർ ക്രാഫ്റ്റ്സ് മേള ഒരു വാർഷിക മേളയായി പ്രഖ്യാപിച്ചിരുന്നു.

മേളയിൽ ഏറ്റവും മികച്ച എക്സിബിറ്റർക്കുള്ള പുരസ്കാരം മേഘാലയിൽ നിന്നുള്ള ശ്രീ. വിജയ്കുമാർ ബിശ്വക്കു ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് സമ്മാനിച്ചു. കന്യാകുമാരിയിൽ നിന്നുള്ള ശ്രീമതി. മഹേശ്വരിക്ക് രണ്ടാം സ്ഥാനവും ബംഗാളിൽ നിന്നുള്ള ശ്രീ. ഗോവിന്ദ് ജാ മൂന്നാം സ്ഥാനവും നേടി. കേരളത്തിൽ നിന്നുള്ള മികച്ച എക്സിബിറ്റർക്കുള്ള പുരസ്കാരത്തിന് കൊല്ലത്തു നിന്നുള്ള ശ്രീ. ജേക്കബ് കുര്യൻ അർഹനായി. സമ്മാനാർഹരായവർക്ക് ബഹു. മന്ത്രി പുരസ്കാരം നൽകി. ചടങ്ങിൽ ബഹു. എം എൽ എ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ബഹു. കോഴിക്കോട് ഡെപ്യൂട്ടി മേയർ ശ്രീ. മുസാഫിർ അഹമ്മദ്, വാർഡ് കൗൺസിലർ ശ്രീ. എം എൻ പ്രവീൺ, വ്യവസായ വാണിജ്യ വകുപ്പ് അഡിഷണൽ ഡയറക്ടർ ശ്രീ. പി. എ സുരേഷ് കുമാർ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. ബിജു പി. എബ്രഹാം എന്നിവർ പങ്കെടുത്തു.

## സംരംഭക വർഷം

# ഇന്റേണുകളുമായി ബഹു. വ്യവസായ മന്ത്രി ശ്രീ. പി. രാജീവ് കൂടിക്കാഴ്ച നടത്തി





സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേണുകളുമായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് കൂടിക്കാഴ്ച നടത്തി. ലോൺ, ലൈസൻസ് മേളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംരംഭക സഹായ ഹെൽപ് ഡെസ്കുകളുടെ പ്രവർത്തനങ്ങൾക്കുമായി പ്രൊഫഷണൽ യോഗ്യതയുള്ള സമർത്ഥരായ 1153 ഇന്റേണുകളെയാണ് സംരംഭക വർഷത്തിന്റെ ഭാഗമായി നിയമിച്ചിട്ടുള്ളത്.

ഇവരുടെ ബിസിനസ്/മാനേജ്മെന്റ് മേഖലകളിലെ ഇടപെടൽശേഷി വർധിപ്പിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് ഒരു സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. ജനറൽ മാനേജ്മെന്റ്, എന്റർപ്രെണർഷിപ്പ്, ഫിനാൻസ് മാനേജ്മെന്റ്, ഡിജിറ്റൽ ടെക്നോളജി മുതലായ ചെറുകിട ഇടത്തരം സംരംഭങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവ് നൽകുകയും, അതുവഴി വിജയകരമായ ബിസിനസ്സ് ആശയങ്ങൾ വികസിപ്പിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് കോഴ്സിന്റെ ലക്ഷ്യം. ഇതിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യ ബാച്ചിലെ പ്രൊഫഷണലുകളുമായിട്ടായിരുന്നു ബഹു. മന്ത്രി കൂടിക്കാഴ്ച നടത്തിയത്.

'ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ' സാധ്യമാക്കുക എന്ന വ്യവസായ വകുപ്പിന്റെ ദൗത്യത്തെ പൂർത്തിയാക്കുന്നതിന് ഓരോ ഇന്റേണുകളുടെയും സേവനം നിസ്തുലമാണ്. പദ്ധതി ആരംഭിച്ചു 7 മാസത്തിനുള്ളിൽ സംസ്ഥാനത്ത് 72,500 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനും അതിലൂടെ 4520 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുന്നതിനും, പ്രസ്തുത സംരംഭങ്ങളിലൂടെ 1,60,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

# പ്ലാൻറ്റേഷൻ മേഖലയേയും ഏകജാലക സംവിധാനത്തിന് കീഴിലാക്കും; വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്




നിലവിൽ വ്യവസായങ്ങൾക്ക് നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും പ്ലാൻറ്റേഷൻ മേഖലയ്ക്കും ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും, പ്ലാൻറ്റേഷൻ മേഖലയേയും ഏകജാലക സംവിധാനത്തിന് കീഴിലാക്കുമെന്നും ബഹുമാനപ്പെട്ട നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവ്. പ്ലാൻറ്റേഷൻ മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും പുതുതായി രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എറണാകുളം ക്രൗൺ പ്ലാസയിൽ സംഘടിപ്പിച്ച യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്ലാന്റേഷൻ മേഖലയിലെ ചെറുതും വലുതുമായ സംരംഭകർ, വ്യവസായ മേഖലയിലെ വിവിധ സംഘടന പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് സംരംഭകർ ഉന്നയിച്ച വിവിധ വിഷയങ്ങൾക്ക് മറുപടി നൽകി. പ്ലാന്റേഷൻ മേഖലയ്ക്കായി 160 ലക്ഷം രൂപയുടെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ ഈ വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ കരട് വ്യവസായ നയം പ്ലാൻറ്റേഷൻ മേഖലയ്ക്കു കൂടി പ്രയോജനപ്പെടുന്ന വിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഐ.ടി മേഖലയിലെ സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും പ്ലാന്റേഷൻ മേഖലയ്ക്കും നൽകുമെന്നും ബഹു. മന്ത്രി അറിയിച്ചു.

2022 സെപ്റ്റംബർ 17-ാം തീയതി എറണാകുളത്ത് നടന്ന യോഗത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.; വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ.എസ്.ഹരികിഷോർ.ഐ.എ.എസ്; സ്പൈസസ് ബോർഡ് ഡയറക്ടർ ഡോ. എ.ബി. രമ ശ്രീ എന്നിവർ സന്നിഹിതരായിരുന്നു. അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ.) പ്രസിഡന്റ് ശ്രീ. എസ്.ബി. പ്രഭാകർ, സി.ഐ.ഐ. മുൻ ചെയർമാൻ ശ്രീ.ശിവ്ദാസ് ബി. മേനോൻ, എഫ്.ഐ.സി.സി.ഐ ചെയർമാൻ ശ്രീ. ദീപക് അസ്വാനി തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.